# നാളികേര വികസന ബോർഡിൻെറ നീര വിപണിയിലിറക്കി

**കൊച്ചി:** നാളികേര വികസന ബോർഡ് വികസിപ്പിച്ച നീര വിപണിയിൽ ഇറക്കി. ബോർഡ് സ്വന്തം ടെക്നോളജി ഉപയോഗിച്ച് നിർമിക്കുന്ന നീര ആകർഷകമായ 200 മില്ലി ബോട്ടിലുകളിൽ ലഭ്യമാണ്.

മുൻ അഡീഷണൽ ചീഫ് സെക്രട്ടറി (തമിഴ്നാട്) പി.സി. സിറിയക്, എറണാകുളം റസിഡൻറ്സ് അസോസിയേഷൻ അപ്പെക്സ് കൗൺസിൽ മുൻ പ്രസിഡൻറ് എസ്. ബാലകൃഷ്ണന് നൽകി ഇതിൻെറ ഉദ്ഘാടനം നിർവഹിച്ചു. നാളികേര വികസന ബോർഡിൻെറ കൊച്ചി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ചെയർമാൻ ടി.കെ. ജോസ്, എസ്ആർവി ഹൈസ്കൂൾ പ്രിൻസിപ്പൽ ജിജോ ജോൺ എന്നിവർ സന്നിഹിതരായിരുന്നു. നാളികേര വികസന ബോർഡിൻെറ വാഴക്കുളത്തുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സിഐടി) ജിയിൽ സംസ്കരിച്ച നീരയാണ് വിപണിയിലിറക്കിയത്. ബോർഡ് ആസ്ഥാനത്തെ സിഡിബി നാഫെഡ് സ്റ്റാളിൽ നീര ലഭ്യമായിരിക്കും.